

എറണാകുളം-അങ്കമാലി അതിരൂപത ശതാബ്ദിയാഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ച് 400 വൈദികരുടെ നേതൃത്വത്തിൽ നടന്ന കുർബാന. ചിത്രം:മനോരമ.

# മാർപാപ്പയ്ക്കു തെറ്റു പറ്റിയിട്ടുണ്ടെങ്കിൽ സത്യം അറിയിക്കണം: ജസ്റ്റിസ് കുര്യൻ ജോസഫ്

## ‘സത്യം വിളിച്ചുപറയുന്നവരെ വിമതരാക്കുന്നതു ശരിയല്ല’

**മനോരമ ലേഖിക**

**കൊച്ചി ●** മാർപാപ്പയുടെ പരമാധികാരത്തെ ധിക്കരിച്ചു കൊണ്ട് നമുക്ക് മുന്നോട്ടു പോകാനാവില്ലെന്നും മാർപാപ്പയ്ക്കു തെറ്റു പറ്റിയിട്ടുണ്ടെങ്കിൽ സത്യം അറിയിക്കാനുള്ള ആർജവം ഉത്തരവാദപ്പെട്ടവർ കാണിക്കണമെന്നും സുപ്രീംകോടതി മുൻ ജഡ്ജി ജസ്റ്റിസ് കുര്യൻ ജോസഫ്. സത്യം എന്താണെന്നു മാർപാപ്പയെ ധരിപ്പിക്കാൻ അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂരിനു കഴിയട്ടെയെന്നും പറഞ്ഞു. എറണാകുളം-അങ്കമാലി അതിരൂപതയുടെ ശതാബ്ദിയാഘോഷങ്ങൾക്കു സമാപനം കുറിച്ചു നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മാർപാപ്പയെ അംഗീകരിക്കുന്നു, ആദരിക്കുന്നു, സ്നേഹിക്കുന്നു. പക്ഷേ, മാർപാപ്പയ്ക്കും തെറ്റു പറ്റാം. സത്യം അറിഞ്ഞാൽ സത്യത്തെ തമസ്കരിക്കാൻ മാർപാപ്പ തയാറാകില്ല. ഇന്നു നമ്മൾ നൽകുന്ന സന്ദേശം ഈശോയ്ക്കു വേദനിക്കുന്നതാണെങ്കിൽ നമ്മുടെ തെറ്റുകൾ നാം തിരുത്തണം. സഭയുടെ തെറ്റുകൾ സഭയും തിരുത്തണം. തെറ്റുകൾ തിരുത്തി മുന്നോട്ടു പോകാൻ സിറോ മലബാർ സഭയ്ക്കു കഴിയട്ടെ. അനുരഞ്ജനത്തിന്റെ കൂദാശയായ കുർബാനയെ ചൊല്ലിയുള്ള തർക്കങ്ങൾ അവസാനിപ്പിക്കാൻ എല്ലാവർക്കും തുറന്ന മനസ്സുണ്ടാകട്ടെ. വിമതർ എന്ന പ്രയോഗം മാറ്റണമെന്നും സത്യം വിളിച്ചു പറയുന്നവരെ വിമതരാക്കുന്നതു ശരിയല്ലെന്നും അദ്ദേഹം പറഞ്ഞു.

സംഭാഷണത്തിന്റെ കുറവു കൊണ്ട് സഭയിൽ അനൈക്യവും അശാന്തിയും ഉണ്ടാകരുതെന്നു കരുതിയാണ് മുൻപ് ഇടപെട്ടിട്ടുള്ളതെന്ന് അദ്ദേഹം പറഞ്ഞു. ഇത്രമാത്രം അശാന്തി ഉണ്ടായിട്ടും അത് അവസാനിപ്പിക്കാൻ സിനഡ് എന്ന സംവിധാനത്തിനു കഴിയുന്നില്ലല്ലോ എന്ന ദുഃഖത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമെന്നു കരുതിയ ഒരു ബിഷപ്പിന് അയച്ച സന്ദേശത്തിലെ ഭാഷ പൊതുസമൂഹം വിമർശിച്ചിരുന്നു. ഭാഷയിൽ തെറ്റു പറ്റിയതിൽ മാപ്പു ചോദിക്കുന്നതായി അദ്ദേഹം പറഞ്ഞു. മോൺ. ആന്റണി നരികുളം അധ്യക്ഷത വഹിച്ചു. ജനറൽ കൺവീനർ ഫാ. ജോസ് ഇടശേരി, വൈദിക സമിതി സെക്രട്ടറി ഫാ. കുര്യാക്കോസ് മുണ്ടാടൻ, സോഷ്യൽ സർവീസ് ഡയറക്ടർ ഫാ.ജോസഫ് കൊളുത്തുവെള്ളിൽ, എറണാകുളം സിഎംഐ പ്രൊവിൻഷ്യൽ ഫാ.ബെന്നി നൽക്കര, സിസ്റ്റർ ആലീസ് ലൂക്കോസ്, പി. പി. ജെരാർദ്, ഫാ.ജോസഫ് പാറേക്കാട്ടിൽ, ഷിജോ മാത്യു എന്നിവർ പ്രസംഗിച്ചു. ഫാ.ജോയ്സ് കൈതക്കോട്ടിലിന്റെ പുസ്തകം പ്രകാശനം ചെയ്തു. സഹൃദയ മെലഡീസ് സംഗീത പരിപാടി അവതരിപ്പിച്ചു.



എറണാകുളം-അങ്കമാലി അതിരൂപത ശതാബ്ദിയാഘോഷ സമാപന പൊതുസമ്മേളനം സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് കുര്യൻ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.

# 400 വൈദികരുടെ സമൂഹ ദിവ്യബലിയോടെ ശതാബ്ദിയാഘോഷം സമാപിച്ചു

**കൊച്ചി ●** എറണാകുളം-അങ്കമാലി അതിരൂപതയുടെയും സിറോ മലബാർ ഹയരാർക്കിയുടെയും ശതാബ്ദിയാഘോഷങ്ങൾ 400 വൈദികരുടെ സമൂഹ ദിവ്യബലിയോടെ സമാപിച്ചു. സഭയുടെ ചരിത്ര മുഹൂർത്തത്തിനു സാക്ഷ്യം വഹിച്ചു നടത്തിയ ജനാഭിമുഖ സമൂഹ ദിവ്യബലിക്കു തിങ്ങി നിറഞ്ഞ വിശ്വാസ സമൂഹം സാക്ഷിയായി. കുർബാനയ്ക്ക് ഫാ.ജോസ് ഇടശേരി മുഖ്യ കാർമികത്വം വഹിച്ചു. അതിരൂപത മുൻ ചാൻസലർ ഫാ. ബിജു പെരുമായൻ സന്ദേശം നൽകി. കുർബാനയ്ക്കു മുൻപ് വിവിധ സ്ഥലങ്ങളിൽ നിന്നുള്ള ശതാബ്ദി പ്രയാണങ്ങൾ തൃക്കാക്കര ലിറ്റിൽ ഫ്ലവർ പള്ളിയിൽ എത്തിച്ചേർന്നിരുന്നു.

കോക്കമംഗലത്തു നിന്നു ദീപശിഖ, പള്ളിപ്പുറത്തു നിന്ന് കുരിശ്, ചെമ്പിൽ നിന്ന് മാർ അഗസ്റ്റിൻ കണ്ടത്തിലിന്റെ ഛായാചിത്രം, ബസിലിക്കയിൽ നിന്നു ശതാബ്ദി തിരി, കോട്ടക്കാവിൽ നിന്ന് പതാക, അങ്കമാലി കിഴക്കേ പള്ളിയിൽ നിന്നു ബൈബിൾ, മലയാറ്റൂരിൽ നിന്നു തോമാ ശ്ലീഹായുടെ ഛായാചിത്രം എന്നിവ വഹിച്ചു കൊണ്ടായിരുന്നു ശതാബ്ദി പ്രയാണങ്ങൾ. പ്രയാണങ്ങൾക്കു സ്വീകരണം നൽകിയതിനൊപ്പം വൈദികർ പ്രദക്ഷിണമായി ബലി വേദിയിലേക്ക് എത്തി. വിവിധ പള്ളികളിൽ നിന്ന് എത്തിയ പ്രയാണങ്ങൾ ബലിവേദിയിൽ സ്ഥാപിച്ചതിനെ തുടർന്നായിരുന്നു സമൂഹ ദിവ്യബലി.



